LIBRARY ARCHIVES Kerala Legislative Assembly

## ഭവനനിർമ്മാണ ബോർഡിന്റെ കോമ്പൗണ്ടിൽ അനധികൃത കയ്യേറ്റം

142 (4724) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കവടിയാർ പണ്ഡിറ്റ് കോളനിക്കുസമീപം സ്ഥിതി ചെയ്യുന്ന സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഫ്ലാറ്റ് സമുച്ചയത്തിന്റെ കോമ്പൗണ്ടിൽ ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവരുടെ അനുമതി തേടാതെ ഏതാനും ചിലർ ചേർന്ന് അനധികൃതമായി ഭൂമി കയ്യേറ്റം നടത്തി കാർഷെഡ്ഡുകൾ നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയവ പൊളിച്ചുമാറ്റാനും ഈ അനധികൃത നിർമ്മാണം നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം കവടിയാർ പണ്ഡിറ്റ് കോളനി ഭവന പദ്ധതിയിലെ ഫ്ലാറ്റ് സമുച്ചയത്തിന്റെ കോമ്പൗണ്ടിൽ ഭവനനിർമ്മാണ ബോർഡിന്റെ അനുമതി കൂടാതെ 9 താൽക്കാലിക കാർ ഷെഡ്ഡുകൾ പണിതതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കാർഷെഡ്ഡുകൾ പൊളിച്ചുമാറ്റുന്നതിനായി 23-2-2015 തീയതിയിലെ E2/Panditscolony/91/Vol. II നമ്പർ കത്തുപ്രകാരം പണ്ഡിറ്റ്സ് കോളനി വെൽഫയർ അസോസിയേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മെട്രോപൊളിറ്റൻ നഗരങ്ങളിൽ സംസ്ഥാന ഹൗസിംഗ് ബോർഡ് മുഖേന ഹൗസിംഗ് കോംപ്ലക്സുകൾ

143 (4725) <u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. റ്റി. യു. കുരുവിള</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹൗസിംഗ് ബോർഡ് മുഖേന കേരളത്തിലെ മെട്രോപൊളിറ്റൻ നഗരങ്ങളിൽ കൂടുതൽ ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഹൗസിംഗ് ബോർഡിനെ, കൂടുതൽ പാർപ്പിട നിർമ്മാണ പ്രവൃത്തികൾ ഏല്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?